# നീരവിഭവങ്ങളനവധി

■ എം.എസ്. രാഖേഷ് കൃഷ്ണൻ

കർഷകരക്ഷയ്ക്ക് നീരവേണമെന്ന് എല്ലാവരും പറഞ്ഞുനടക്കുന്നുണ്ടെങ്കിലും സംഗതിയെന്താണെന്ന് പലർക്കും വലിയ ധാരണയില്ല. കള്ളുതന്നെയാണു നീരയെന്നാണ് ചിലരുടെ വിചാരം. അതുകൊണ്ടുതന്നെ പലരും നീരയ്ക്ക് അത്രവലിയ പ്രാധാന്യം കൊടുക്കുന്നുമില്ല. ലഹരിവിറ്റ് ലാഭം വേണ്ടെന്നുവരെ പറയുന്നവരുണ്ട്.

എന്നാൽ യഥാർഥത്തിൽ നീരയും കള്ളും രണ്ടാണ്. വിരിയാത്ത തെങ്ങിൻപൂക്കുലയിൽനിന്ന് ചെത്തിയെടുക്കുന്ന മദ്യാംശമില്ലാത്ത പാനീയമാണ് നീര. ഇത് ഏറെ പോഷകസമ്പുഷ്ടവുമാണ്. നീര പുളിപ്പിച്ചാൽ കിട്ടുന്ന ഉത്പന്നമാണ് കള്ള്. ലളിതമായി പറഞ്ഞാൽ പാലും തൈരും തമ്മിലുള്ള വ്യത്യാസമാണ് നീരയും കള്ളും തമ്മിലുള്ളത്. നീര പരിശോധിച്ചാൽ ആൽക്കഹോൾ അംശത്തിൻെറ സാന്നിധ്യം പൂജ്യമാണെന്നു കാണാം.

ആരോഗ്യത്തിന് ഉത്തമമായ പാനീയമാണ് നീര. ദാഹം മാറ്റാൻ കുത്തകക്കമ്പനികളുടെ ശീതളപാനീയങ്ങൾ നമുക്ക് രോഗങ്ങളാണു സമ്മാനിക്കുന്നതെങ്കിൽ നീര പോഷകങ്ങൾ നൽകുകയാണു ചെയ്യുന്നത്. അമിനോ അമ്ലങ്ങളുടെയും വിറ്റാമിനുകളുടെയും കാത്സ്യം, ഇരുമ്പ്, പൊട്ടാസ്യം, സോഡിയം, സിങ്ക് തുടങ്ങിയ ധാതുക്കളുടെയും കലവറയാണ് ഈ അദ്ഭുതപാനീയം. പ്രോട്ടീൻ നിർമാണത്തിനാവശ്യമായ ഗ്ലൂട്ടാമിക് അമ്ലവും ഉയർന്ന അളവിൽ നീരയിലുണ്ട്. പ്രമേഹരോഗികൾക്ക് ധൈര്യപൂർവം കഴിക്കാവുന്ന ഒരു പാനീയമെന്ന നിലയിലും ഇതിന് പ്രത്യേകതയുണ്ട്. നീര ദഹിച്ച് രക്തത്തിൽ കലരുന്ന പഞ്ചസാരയുടെ അളവ് സാധാരണ പഞ്ചസാരയെക്കാൾ വളരെ കുറവാണെന്നതാണ് ഇതിനു കാരണം. ഗർഭിണികൾ നീരകഴിക്കുന്നത് കുട്ടികൾക്കും നല്ലതാണ്. മൂത്രതടസ്സം, മറ്റ് മൂത്രാശയരോഗങ്ങൾ എന്നിവയ്ക്ക് കരിക്കിൻവെള്ളം പോലെ സിദ്ധൗഷധമാണ് നീര.

നീര കേവലം പാനീയമായിമാത്രമല്ല ഉപയോഗിക്കുന്നത്. നീരയുപയോഗിച്ച് ധാരാളം ഉത്പന്നങ്ങൾ ഇപ്പോൾത്തന്നെ വിപണിയിൽ ലഭ്യമാണ്. ചക്കര, പഞ്ചസാര, ജാം, ലഡു, ജിലേബി, ഹൽവ, കേക്ക്, ബിസ്കറ്റ്, തേൻ, മിഠായി തുടങ്ങിയ അമ്പതോളം വ്യത്യസ്ത ഉത്പന്നങ്ങൾ കർഷകക്കൂട്ടായ്മകൾ ഉണ്ടാക്കുന്നുണ്ട്. ഇതിൻെറയൊക്കെ രുചിയിൽ രസംപിടിച്ച് സ്ഥിരമായി ഇവ വാങ്ങിക്കൊണ്ടുപോകുന്നവരുണ്ടെന്നാണ് കർഷകർ പറയുന്നത്. 100 മില്ലിലിറ്റർ നീരപാനീയത്തിൻെറ കുപ്പിക്ക് 15മുതൽ 25 വരെ രൂപയാണ് കമ്പനികൾ ഈടാക്കുന്നത്. നാളികേരവികസന കോർപ്പറേഷൻ സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച യന്ത്രത്തിൽ 30 രൂപ നിക്ഷേപിച്ചാൽ 200 മില്ലിലിറ്ററിൻെറ കുപ്പി കിട്ടും. ഒരു കിലോഗ്രാം നീരക്കേക്കിന് 300 മുതൽ 400 വരെ രൂപയും നീര കുക്കീസിന് ഏകദേശം 10 രൂപയും തേനിന് ഏകദേശം 500 രൂപയും പഞ്ചസാരയ്ക്ക് ഏകദേശം ആയിരം രൂപയുമാണു വില. ആവശ്യമേറിയാൽ പല ഉത്പന്നങ്ങൾക്കും വില ഇനിയും കുറയ്ക്കാനാകും.

കള്ളു ചെത്തുന്നതിനെക്കാൾ ശ്രദ്ധവേണം നീരചെത്താൻ. നീരയുടെ കാര്യത്തിൽ ശുചിത്വം വളരെ പ്രധാനമാണ്. അന്തരീക്ഷവായുവിൻെറ സ്പർശമേറ്റാൽത്തന്നെ പുളിക്കുമെന്നതിനാൽ ഇക്കാര്യത്തിലും ശ്രദ്ധവേണം. നൈപുണ്യമാവശ്യമുള്ള ജോലിയായതിനാൽ നീരചെത്തുന്നവരെ ടെക്നീഷ്യൻമാർ എന്നാണു വിളിക്കുക.

കാസർകോട്ടെ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം (സി.പി.സി.ആർ.ഐ.) വികസിപ്പിച്ചെടുത്ത രീതിയിലാണ് ഭൂരിഭാഗം കൂട്ടായ്മകളും നീര ചെത്തുന്നത്. തെങ്ങിനുമുകളിൽ സ്ഥാപിച്ച ശീതീകരിച്ച പെട്ടിയിൽ നീരശേഖരിക്കുന്ന രീതിയാണിത്. കുപ്പികളിലാക്കി കേടുവരാതെ സൂക്ഷിക്കുന്നതിന് നാളികേരവികസന ബോർഡിൻെറയും കളമശ്ശേരി സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ആൻഡ് മാനേജ്മെൻറി(എസ്.സി.എം.എസ്.)ൻെറയും ഗവേഷണവിഭാഗം കണ്ടുപിടിച്ച വഴികളുണ്ട്. തെങ്ങിൻെറ കൂമ്പ് തല്ലിച്ചെത്തി, അണുമുക്തമാക്കിയ കന്നാസിൽ ശേഖരിച്ച നീര പ്ലാൻറുകളിലെത്തിക്കുന്നു. കുപ്പികളിലാക്കുന്നതുവരെ പൂർണമായും ശീതീകരണസംവിധാനത്തിലാണിതു സൂക്ഷിക്കുക. നീര ചെത്തിയെടുക്കുമ്പോൾത്തന്നെ ഇത് കള്ളായിമാറാതിരിക്കാനുള്ള മുൻകരുതലുകളുമെടുക്കും. കേരള കാർഷികസർവകലാശാല വികസിപ്പിച്ച സാങ്കേതികവിദ്യയാണ് നാളികേരവികസന കോർപ്പറേഷൻ ഉപയോഗിക്കുന്നത്.

നാളികേരവികസന ബോർഡ് തയ്യാറാക്കിയ കണക്കനുസരിച്ച് ഒരു തെങ്ങിൽനിന്ന് ഒരുദിവസം ശരാശരി ഒരുലിറ്റർ നീര ലഭിച്ചാൽ 1500 രൂപ കർഷകന് മാസവരുമാനമായി ലഭിക്കും. ലിറ്ററിന് 50 രൂപ എന്ന തോതിലാണ് ഇതു കണക്കാക്കിയിരിക്കുന്നത്. 10 തെങ്ങാണ് ചെത്താൻ കൊടുക്കുന്നതെങ്കിൽ മാസവരുമാനം 15,000 രൂപയാകും. തെങ്ങൊന്നിന് ഒന്നര ലിറ്റർ നീര ലഭിച്ചാൽ വരുമാനം 22500 രൂപയായി വർധിക്കും. ഒരു കർഷകന് ഒരേക്കർ സ്ഥലവും അതിൽ 70 തെങ്ങും ഉണ്ടെന്നിരിക്കട്ടെ. ഒരു തെങ്ങിൽനിന്ന് ഒരുലിറ്റർ നീര ദിവസവും ലഭിച്ചാൽത്തന്നെ അയാളുടെ വാർഷികവരുമാനം 4,20,000 ആകും!

ഒരു തെങ്ങിലെ മൂന്നു കുലകളാണ് ഇപ്പോൾ മിക്കകർഷകരും നീര ചെത്താൻ നൽകിയിരിക്കുന്നത്. മറ്റു കുലകളിലെ തേങ്ങ വിൽപ്പനയ്ക്കായി ഉപയോഗിക്കുകയും ചെയ്യാം. ഇതിൻെറ വരുമാനം അധികമായും ലഭിക്കും.

ഇനി പറയൂ, കേരളത്തിലെ മറ്റേതു കാർഷികവിളയിൽനിന്നാണ് ഇത്രയും വരുമാനം ലഭിക്കുക?

നീരയുടെ സാധ്യത പലരാജ്യങ്ങളും നേരത്തേ മനസ്സിലാക്കിക്കഴിഞ്ഞു.

ഇൻഡൊനീഷ്യ, ഫിലിപ്പീൻസ്, തായ്ലൻഡ്, മലേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽനിന്ന് വൻതോതിൽ നീര ഉത്പന്നങ്ങൾ യൂറോപ്യൻ രാജ്യങ്ങളിലേക്കും ഗൾഫ് നാടുകളിലേക്കും കയറ്റിയയക്കുന്നുണ്ട്. ഈ രാജ്യങ്ങളിൽ നീരയുടെ ഉത്പാദനവും വളരെയേറെയാണ്. നമ്മുടെ അയൽസംസ്ഥാനങ്ങളായ കർണാടകം, തമിഴ്നാട് എന്നിവയും വ്യാവസായികാടിസ്ഥാനത്തിൽ നീര ഉത്പാദനം ആരംഭിച്ചുകഴിഞ്ഞു.

ഒരു നാളികേരക്കൂട്ടായ്മയുടെ ഭാഗമായാൽമാത്രമേ കേരളത്തിലെ കർഷകർക്ക് നിലവിൽ നീരചെത്തി വരുമാനമുണ്ടാക്കാനാകൂ. അത്തരം കൂട്ടായ്മകൾക്കായി ശ്രമിക്കുകയാണ് നാളികേരകർഷകനു മുമ്പിൽ ഇനിയുള്ള ഏകമാർഗം.

(തുടരും)

| നീര ടാപ്പ് ചെയ്യുന്ന തെങ്ങുകൾ | | 300 ദിവസം തെങ്ങ് ടാപ്പ് ചെയ്യുന്നതു വഴി ലഭ്യമാകുന്ന നീര (മെട്രിക് ടണ്ണിൽ) | നീര വിൽക്കുന്നതിലൂടെ വരുമാനം (കോടിയിൽ) | കർഷകർക്ക് ലഭിക്കുന്ന വരുമാനം (കോടിയിൽ) | നീര ടെക്നീഷ്യന്മാർക്ക് ലഭിക്കുന്ന വരുമാനം (കോടിയിൽ) | കർഷകരുടെയും ടെക്നീഷ്യന്മാരുടെയും വാങ്ങൽ ശേഷി വർധിക്കുന്നതിനാൽ സംസ്ഥാന സർക്കാറിന് ലഭിക്കുന്ന നികുതി വരുമാനം (കോടിയിൽ) |
|---|---|---|---|---|---|---|
| ശതമാനം | എണ്ണം | | | | | |
| 1 | 18,00,000 | 5,40,000 | 5,400 | 2,700 | 1,350 | 405 |
| 5 | 90,00,000 | 27,00,000 | 27,000 | 13,500 | 6,750 | 2,025 |
| 10 | 1,80,00,000 | 54,00,000 | 54,000 | 27,000 | 13,500 | 4,050 |

അവലംബം നാളികേര വികസനബോർഡ്

## മാസവരുമാനം 1,20,000 രൂപ

നീര ചെത്താൻ തുടങ്ങിയാൽ ലക്ഷക്കണക്കിന് രൂപയുടെ വരുമാനം കിട്ടുമെന്നാണ് സർക്കാരും നാളികേരവികസന ബോർഡുമെല്ലാം പറയുന്നത്. ഇത്തരം കണക്കുകൾ പെരുപ്പിച്ചുണ്ടാക്കിയവയല്ല. സ്ഥിതിവിവരശാസ്ത്രജ്ഞൻെറ ഭാവനയിൽ തയ്യാറാക്കിയതുമല്ല.

നീരയിലൂടെ മാസംതോറും വലിയ വരുമാനം നേടുന്ന ഒട്ടേറെ കർഷകർ ഇപ്പോൾത്തന്നെ കേരളത്തിലുണ്ടെന്നതാണ് വസ്തുത. മറ്റുള്ള കർഷകരെ പ്രചോദിപ്പിക്കുന്നതിനായി നാളികേരവികസന ബോർഡ് തങ്ങളുടെ ജേണലിലൂടെ ഇത്തരക്കാരുടെ അനുഭവം അവതരിപ്പിക്കാറുണ്ട്. അത്തരം ചില കഥകളിതാ:

പെരുമാട്ടി നാളികേരവികസന ഉത്പാദക ഫെഡറേഷനു കീഴിലുള്ള വിളയോടി സംഘത്തിലെ അംഗമാണ് പുത്തൻവീട്ടിൽ സ്വാമിനാഥൻ മന്നാടിയാരുടെ മകൻ ഗോപിനാഥ്. 37 തെങ്ങുകളാണ് ഗോപിനാഥ് നീരചെത്താനായി കൊടുക്കുന്നത്. ശരാശരി പ്രതിദിന ഉത്പാദനം 150 ലിറ്ററാണ്. ഇങ്ങനെ മെയ്മാസത്തിൽ മാത്രം ഗോപിനാഥ് നേടിയത് 1,20,000 രൂപയാണ്. നേരത്തേ പറമ്പിലെ ആകെ 600 തെങ്ങുകളിൽനിന്ന് രണ്ടുമാസംകൂടുമ്പോൾ തേങ്ങയിൽനിന്ന് ലഭിച്ചിരുന്ന വരുമാനം 16,000 രൂപ മാത്രമായിരുന്നുവെന്നറിയുമ്പോഴാണ് കർഷകർക്കു ലഭിക്കുന്ന ലാഭം വ്യക്തമാകുക.

അതുപോലെ കഞ്ഞിക്കുഴി പഞ്ചായത്തിലെ എസ്.എൻ. പുരത്തെ കരിമുറ്റത്തുവീട്ടിൽ ജി. ഹരിദാസിന് നാലു തെങ്ങിൽനിന്ന് ജൂൺമാസം ലഭിച്ചത് 16,800 രൂപയാണ്. പോലീസ് സബ് ഇൻസ്പെക്ടറായി വിരമിച്ച ഹരിദാസ് എട്ടുവർഷംമുമ്പു നട്ട കുറിയ ഇനം തെങ്ങുകളാണ് ഇപ്പോൾ മികച്ച വരുമാനം നൽകുന്നത്.